# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ജി- 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാന മന്ത്രി നരേന്ദ്രമോദി ഇറ്റലിയിലേക്ക് പുറപ്പെട്ടു. ഇന്തോ-പസഫിക്, മെഡിറ്ററേനിയൻ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi left for Italy today to attend the G-7 summit. The Prime Minister also said that cooperation will be strengthened in the Indo-Pacific and Mediterranean regions.**

2. കുവൈറ്റിൽ അപകടത്തിൽപെട്ട ഇന്ത്യക്കാർക്ക് വേണ്ട സഹായം ഉറപ്പുവരുത്തുന്നതിനായി കേന്ദ്രമന്ത്രി കീർത്തി വർദ്ധൻ സിംഗ് കുവൈറ്റിലെത്തി. സംഭവത്തിൽ കുവൈറ്റിലെ പബ്ലിക് പ്രോസിക്യൂട്ടർ അന്വേഷണം ആരംഭിച്ചു.

   **Union Minister Kirti Vardhan Singh arrived in Kuwait to ensure assistance to the Indians affected by the accident in Kuwait. Kuwait's public prosecutor has started an investigation into the incident.**

3. അഞ്ച് വർഷത്തിനുള്ളിൽ ഇന്ത്യയുടെ പ്രതിരോധ കയറ്റു മതി 50,000 കോടി രൂപയായി ഉയർത്തുമെന്ന് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defense Minister Rajnath Singh said India's defense exports will increase to Rs 50,000 crore in five years,**

4. നീറ്റ് പരീക്ഷയിൽ സ്കോർ കാർഡുകൾ റദ്ദാക്കിയവർക്ക് ഈ മാസം 23 ന് വീണ്ടും പരീക്ഷയെഴുതാൻ അവസരം നൽകുമെന്ന് കേന്ദ്രസർക്കാർ. നീറ്റ് വിഷയത്തിൽ സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം വേണമെന്ന് കോൺഗ്രസ്.

**The central government said that those whose score cards have been canceled in the NEET exam will be given a chance to retake the exam on 23rd of this month. Congress wants Supreme Court-supervised inquiry into NEET issue**

5. കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അധികൃതരുമായി കൂടിക്കാഴ്ച നടത്തി. 2024 പാരീസ് ഒളിമ്പിക്സിലേക്കായുള്ള ഒരുക്കങ്ങൾ അദ്ദേഹം വിലയിരുത്തി.

**Union Minister Mansukh Mandavya met with Indian Olympic Association officials. He reviewed preparations for the 2024 Paris Olympics.**

6. ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന്ബംഗ്ലാദേശ്-നെതർലാൻഡ്സിനെയും, ഇംഗ്ലണ്ട് ഒമാനെയും നേരിടും.

**Bangladesh vs Netherlands, England vs Oman in T20 World Cup today**

## PM - G7 SUMMIT

ജി- 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് പുറപ്പെടും. മൂന്നാം തവണ ഇന്ത്യൻ പ്രധാനമന്ത്രിയായ ശേഷമുള്ള ശ്രീ നരേന്ദ്രമോദിയുടെ ആദ്യ വിദേശയാത്രയാണിത്. തുടർച്ച യായ അഞ്ചാം തവണയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ജി- 7 ഉച്ചകോടി യിൽ പങ്കെടുക്കുന്നത്. ഉച്ചകോടിയുടെ ഭാഗമായി നാളെ നടക്കുന്ന ഔട്ട്റീച്ച് സെഷനിൽ പ്രധാനമന്ത്രി പങ്കെടുക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് ക്വാത്ര ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. സമ്മേളനത്തിൽ, നിർമ്മിത ബുദ്ധി, ഊർജം എന്നീ വിഷയങ്ങൾക്കൊപ്പം ആഫ്രിക്കൻ - മെഡിറ്ററേനിയൻ മേഖലകളിൽ ഊന്നിയുള്ള ചർച്ചകളും നടക്കും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മേലോണിയുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും. മറ്റ് ജി7 നേതാക്കളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. സ്വിറ്റ്സർലൻഡിൽ നടക്കുന്ന യുക്രൈൻ സമാധാന ഉച്ചകോടിയിലും ഇന്ത്യയുടെ പങ്കാളിത്തമുണ്ടാകുമെന്ന് വിദേശകാര്യ സെക്രട്ടറി അറിയിച്ചു.

## PM-DEPARTURE STATEMENT

ഇന്ത്യ-ഇറ്റലി തന്ത്രപരമായ പങ്കാളിത്തം ബലപ്പെടുത്തുന്നതിനും ഇന്തോ-പസഫിക്, മെഡിറ്ററേനിയൻ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജി 7 ഔട്ട്റീച്ച് ഉച്ചകോടിയിൽ പങ്കെടുക്കാൻ യാത്രതിരിക്കുന്നതിനു മുൻപ് പ്രസ്താവനയിലാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്. ഇറ്റലി പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ കഴിഞ്ഞ വർഷത്തെ ഇന്ത്യാ സന്ദർശനങ്ങൾ ഉഭയകക്ഷി ബന്ധത്തിൻറെ ആഴം കൂട്ടുന്നതിൽ നിർണ്ണായകമായെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഔട്ട്റീച്ച് സെഷനിലെ ചർച്ചകളിൽ നിർമ്മിത ബുദ്ധി, ഊർജം, ആഫ്രിക്ക, മെഡിറ്ററേനിയൻ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## EXTERNAL AFFAIRS MINISTRY

കുവൈറ്റിൽ ഇന്നലെയുണ്ടായ തീപിടിത്തത്തിൽ മരിച്ച 49 പേരിൽ 20 ലേറെ മലയാളികളാണെന്ന് റിപ്പോർട്ടുകൾ. ഇതിൽ 15 പേരുടെ മരണം ഔദ്യോഗികമായി സ്ഥിരീകരിച്ചു. മരിച്ചവരിൽ നാൽപതിലേറെപ്പേർ ഇന്ത്യയിൽ നിന്നുള്ളവരാണ്. പരിക്കേറ്റ 50-ഓളം പേരിൽ 9 പേരുടെ നില ഗുരുതരമാണ്. അപകടത്തിൻറെ കാരണം കണ്ടെത്താൻ കുവൈറ്റ് ഔദ്യോഗിക അന്വേഷണം ആരംഭിച്ചു. അപകടത്തിൽപ്പെട്ടവർക്ക് ആവശ്യമായ എല്ലാ ചികിത്സയും ഉറപ്പുവരുത്തുമെന്ന് കുവൈറ്റ് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അപകടത്തിൽപ്പെട്ട ഇന്ത്യക്കാർക്ക് വേണ്ട സഹായം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിങ് കുവൈറ്റിലെത്തി. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ അടിയന്തിര യോഗം ചേർന്നിരുന്നു. മരിച്ച ഇന്ത്യക്കാരുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപ അടിയന്തര ധന സഹായം പ്രഖ്യാപിച്ചു.

## KUWAIT ENQUIRY (INTRO)

കുവൈറ്റിലെ തെക്കൻ മംഗഫ് മേഖലയിൽ വിദേശ തൊഴിലാളികൾ താമസിക്കുന്ന കെട്ടിടത്തിന് തീപിടിച്ച് കുറഞ്ഞത് 40 ഇന്ത്യക്കാർ കൊല്ല പ്പെടുകയും അനേകം പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ കുവൈറ്റിലെ പബ്ലിക് പ്രോസിക്യൂട്ടർ അന്വേഷണം ആരംഭിച്ചു.

**വിശദാംശങ്ങളിലേക്ക്..**

(**VOICE**)

തീപിടിത്തത്തിന് പിന്നിലെ കാരണങ്ങൾ അപകടം ഉണ്ടാകാനിടയായ സാഹചര്യവും കണ്ടെത്താനാണ് അന്വേഷണം ലക്ഷ്യമിടുന്നത്. പരിക്കേറ്റ വർക്ക് മികച്ച ആരോഗ്യ സേവനങ്ങൾ നൽകാനുള്ള സർക്കാരിൻ്റെ പ്രതിജ്ഞാബദ്ധത വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും മന്ത്രാലയം പ്രത്യാശ പ്രകടിപ്പിച്ചു. അൽ-മംഗഫ് കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ മരിച്ചവരുടെ എണ്ണം 49 ആയതായി കുവൈറ്റ് ആഭ്യന്തര മന്ത്രാലയം നേരത്തെ പ്രഖ്യാപിച്ചിരുന്നു. റിയൽ എസ്റ്റേറ്റ് ഉടമകളുടെ അത്യാഗ്രഹമാണ് ഇത്തരം പ്രശ്നങ്ങളിലേക്ക് നയിക്കുന്നതെന്ന് സ്ഥലം സന്ദർശിച്ച ഉപപ്രധാനമന്ത്രി ഷെയ്ഖ് ഫഹദ് യൂസഫ് അൽ സബാഹ് പറഞ്ഞു. അപകടത്തിൽ പെട്ടവരിൽ കൂടുതൽ പേർ കേരളത്തിൽ നിന്നുള്ളവരാണെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. പ്രവാസി മലയാളികൾക്ക് നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്ററിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പരുകളിൽ ബന്ധപ്പെടാം. തമിഴ്നാട്ടുകാർക്കു വേണ്ടി ഹെല്പ് ലൈൻ നമ്പറും തുടങ്ങിയിട്ടുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി....

## KUWAIT KERALA CABINET

കുവൈറ്റിൽ തൊഴിലാളി ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപ വീതം നൽകാനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. ദുരന്തത്തിൽ സംസ്ഥാന മന്ത്രിസഭ അനുശോചനം രേഖപ്പെടുത്തി. അപകട ത്തിൽപ്പെട്ട മലയാളികൾക്കായുള്ള സഹായ നടപടികൾ ഏകോപിപ്പിക്കു ന്നതിനായി ആരോഗ്യമന്ത്രി വീണാ ജോർജും കുവൈറ്റിലെത്തും.

## RAJNATH SINGH- CHARGE

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രാജ്യത്തിന്റെ പ്രതിരോധ കയറ്റുമതി 50,000 കോടി രൂപയായി ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. 21,000 കോടി രൂപയുടെ പ്രതിരോധ ഉപകരണങ്ങൾ ഇന്ത്യ ഇതിനകം കയറ്റുമതി ചെയ്തിട്ടുണ്ടെന്നും, ഇത് ചരിത്രപരമാണെന്നും, രാജ്യരക്ഷാ മന്ത്രാലയത്തിന്റെ ചുമതല ഏറ്റെടുത്തു കൊണ്ട് അദ്ദേഹം പറഞ്ഞു. ശക്തമായ ആത്മനിർഭർ ഭാരതം വികസിപ്പിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നതെന്നും, രാജ്യത്തിന്റെ സുരക്ഷയും സുരക്ഷാ സേനയുടെ ക്ഷേമവും മുൻഗണനയായി തുടരുമെന്നും അദ്ദേഹം പറഞ്ഞു.

## UNION BUDGET- PREPARATIONS

2024-25 ലെ കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ തുടങ്ങി. ഇന്നലെ ധനമന്ത്രാലയത്തിന്റെ ചുമതല നിർമ്മല സീതാരാമൻ ഏറ്റെടുക്കുകയും ബജറ്റ് സംബന്ധിച്ച് മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## NAIDU-CIVIL AVIATION

കേന്ദ്ര വ്യോമയാന മന്ത്രിയായി കിഞ്ജരാപ്പു രാംമോഹൻ നായിഡു ഇന്നു ചുമതലയേറ്റു. വ്യോമഗതാഗതം സുഗമമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതിനാണ് മുൻഗണനയെന്ന് നായിഡു പറഞ്ഞു. വിമാന നിരക്ക് കുറച്ചു അത് സാധാരണക്കാർക്ക് താങ്ങാവുന്നതാക്കി മാറ്റുകയാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

## NEET UG - DHARMENDRAPRADHAN

നീറ്റ് പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിച്ച 1,563 പേരുടെ സ്കോർ കാർഡുകൾ റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ. ഇവർക്ക് ഈ മാസം 23 ന് വീണ്ടും പരീക്ഷയെഴുതാൻ അവസരം നൽകുമെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. പുനഃപരീക്ഷയുടെ ഫലം ഈ മാസം 30 ന്

പ്രസിദ്ധീകരിക്കും. ഗ്രേസ് മാർക്ക് കിട്ടിയ കുട്ടികളുടെ സ്കോർ റദ്ദാക്കുമെന്നും, റീടെസ്റ്റ് എഴുതിയില്ലെങ്കിൽ ഗ്രേസ് മാർക്ക് ഒഴികെയുള്ള മാർക്ക് നില നൽക്കുമെന്നും സർക്കാർ കോടതിയെ അറിയിച്ചു. നീറ്റ് പരീക്ഷ നടത്തിപ്പുമായി ബന്ധപെട്ട മറ്റ് ഹർജികളിൽ ജൂലൈ 8 ന് സുപ്രീം കോടതി വീണ്ടും വാദം കേൾക്കും. കൗൺസിലിങ് തടസ്സപ്പെടുത്തരുതെന്നും സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

## KHARGE-NEET

നീറ്റ് പരീക്ഷാ വിഷയത്തിൽ സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നീതിയുക്തമായ അന്വേഷണം വേണമെന്ന് കോൺഗ്രസ് പാർട്ടി ആവശ്യപ്പെട്ടു. നീറ്റ് പരീക്ഷയിൽ കൃത്രിമം, പേപ്പർ ചോർച്ച, അഴിമതി എന്നിവ നടന്നതായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. കുറ്റക്കാർക്ക് ഏറ്റവും കഠിനമായ ശിക്ഷ നൽകണമെന്നും ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് അവരുടെ ഒരു വർഷം പാഴാകാതിരിക്കാൻ നഷ്ട പരിഹാരം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നീറ്റ് പരീക്ഷ എഴുതിയ 24 ലക്ഷം വിദ്യാർത്ഥികളുടെ ഭാവി സർക്കാരിന്റെ നടപടികൾ മൂലം അപകടത്തിലാണെന്ന് പറഞ്ഞ അദ്ദേഹം, സർക്കാരിന് ഉത്തരവാദിത്തം നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ ചുമലിൽ കെട്ടിവെച്ച് ഒഴിഞ്ഞു മാറാനാകില്ലെന്നും പറഞ്ഞു.

## MANDAVIYA- OLYMPIC MEETING

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അധികൃതരുമായി കൂടിക്കാഴ്ച നടത്തി കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ. ഇന്ന് ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ 2024 പാരീസ് ഒളിമ്പിക്സി ലേക്കായുള്ള ഒരുക്കങ്ങൾ അദ്ദേഹം വിലയിരുത്തി. കേന്ദ്ര സഹമന്ത്രി രക്ഷ ഖഡ്സെയും, മന്ത്രാലയത്തിലെ മറ്റ് മുതിർന്ന ഉദ്യോഗ സ്ഥരും യോഗത്തിൽ പങ്കെടുത്തു. കായികതാരങ്ങൾക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കി യിട്ടുണ്ടെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസി യേഷൻ അധ്യക്ഷ പി ടി ഉഷ യോഗത്തിന് ശേഷം മാധ്യമങ്ങളോട് പറഞ്ഞു.

## T20 WORLD CUP

ട്വൻറി -20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്- നെതർലാൻഡ്സിനെ നേരിടും. കിങ്സ്ടൗണിൽ രാത്രി 8 മണിക്കാണ് മത്സരം. രാത്രി 12.30 ന് നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ട് ഒമാനെ നേരിടും. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ വെസ്റ്റ്ഇൻഡീസ് ന്യൂസിലാൻഡിനെ 13 റൺസിന് പരാജയപ്പെടുത്തി.

## BADMINTON-AUSTRALIAN OPEN

സിഡ്നിയിൽ നടക്കുന്ന ഓസ്ട്രേലിയൻ ഓപ്പൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ ആകർഷി കശ്യപ് ക്വാർട്ടർ ഫൈനലിൽ കടന്നു. ഓസ്ട്രേലിയയുടെ കെയ് ക്വി ടെയോയെ പരാജയപ്പെടുത്തിയാണ് അവർ ക്വാർട്ടർ ഫൈനലിൽ കടന്നത്. മിക്സഡ് ഡബിൾസ് വിഭാഗത്തിൽ ഇന്ത്യൻ ജോഡികളായ ബി.സുമീത് റെഡ്ഡി-എൻ.സിക്കി റെഡ്ഡി സഖ്യവും ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

## NSA-PS APPOINTMENT

അജിത് ഡോവലിനെ ദേശീയ സുരക്ഷാ ഉപദേഷ്ടാവായും ഡോ.പി.കെ. മിശ്രയെ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായും വീണ്ടും നിയമിച്ചു. മന്ത്രിസഭയുടെ നിയമന സമിതി ഇന്ന് നിയമനങ്ങൾക്ക് അംഗീകാരം നൽകി. നിയമനത്തിന് ശേഷം ഡോവൽ ഇന്ന് ന്യൂഡൽഹിയിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിനെ സന്ദർശിച്ചു.

## ARUNACHAL OATH

അരുണാചൽ പ്രദേശ് മുഖ്യമന്ത്രിയായി ബിജെപി നേതാവ് പേമ ഖണ്ഡു മൂന്നാം തവണയും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇറ്റാനഗറിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ 11 ക്യാബിനറ്റ് മന്ത്രിമാരും, മുഖ്യമന്ത്രിയ്ക്കൊപ്പം ചുമതലയേറ്റു. അരുണാചൽപ്രദേശ് ഗവർണർ കെ ടി പർനായക് സത്യവാചകം ചൊല്ലിക്കൊടുത്തു.

## LOKA KERALA SABHA

കുവൈറ്റ് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ഇന്ന് നടക്കാനിരുന്ന ലോക കേരള സഭയുടെ ഉദ്ഘാടന സമ്മേളനവും സെമിനാറും ആഘോഷ പരിപാടികളും ഒഴിവാക്കി. ലോക കേരളസഭാ സമ്മേളനം നാളെയും മറ്റന്നാളും നിശ്ചയിച്ച പ്രകാരം നടക്കും.

## J&K: TERRORISTS SEARCH

ജമ്മു കാശ്മീരിൽ, ദോഡ ജില്ലയിലെ ഗണ്ഡോയിലെ കോട്ട ടോപ്പ് പ്രദേശത്ത് സുരക്ഷാ സേന തിരച്ചിൽ ശക്തമാക്കി, ഇന്നലെ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു കോൺസ്റ്റബിളിന് പരിക്കേറ്റു. സുരക്ഷാ ഉദ്യോഗസ്ഥർ 4 ഭീകരരുടെ രേഖാചിത്രം പുറത്തുവിട്ടു. സുരക്ഷാ നടപടികളും ഭീകരരെ കണ്ടെത്താനുള്ള ശ്രമങ്ങളും ശക്തമാക്കിയിട്ടുണ്ട്.

## ODISHA JAGANNATH TEMPLE OPEN

പുരിയിലെ ജഗന്നാഥ ക്ഷേത്രത്തിന്റെ നാല് കവാടങ്ങളും ഇന്ന് രാവിലെ ഭക്തർക്കായി വീണ്ടും തുറന്നുകൊടുത്തു. നിയുക്ത മുഖ്യമന്ത്രി മോഹൻ ചരൺ മാജിയുടെയും മന്ത്രിമാരുടെയും സാന്നിധ്യത്തിലാ യിരുന്നു കോവിഡ് മഹാമാരിയെ തുടർന്ന് അടച്ചിട്ടിരുന്ന ശ്രീകോവിലിന്റെ കവാടങ്ങൾ ഇന്ന് വീണ്ടും തുറന്നത്.